മി. ഡെപ്യൂട്ടി സ്പീക്കർ : ലാബ് സൗകര്യമില്ലാത്ത ഗവൺമെന്റ് താലൂക്ക് ആശുപത്രികൾ പോലും ഇവിടെയുണ്ട്. എന്റെ നിയോജകമണ്ഡല മായ പീരുമേട് ഉൾപ്പെടെയുള്ള താലൂക്ക് ആശുപത്രിയിൽ ലാബ് സൗകര്യ മില്ല. ഗവൺമെന്റ് താലൂക്ക് ആശുപത്രിയില്ലെങ്കിലും ലാബ് സൗകര്യമുണ്ടാ യാൽ ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ കഴിയും.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നടപടിയെടുക്കാമെന്നു പറഞ്ഞത് വളരെ സ്വാഗതാർഹമായ സംഗതിയാണ്. അതുകൊണ്ട് വേറെ പ്രത്യേകം ചോദ്യമില്ല.

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതു പോലെ താലൂക്ക് ആശുപത്രികളിൽ അസൗകര്യങ്ങളുണ്ട്. അത് ഗൗരവമായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഗവൺമെന്റ് ആശുപത്രികളിലെ ലാബുകൾകൂടി സജീവമാക്കുന്ന കാര്യം ഇപ്പോൾ സജീവ പരിഗണനയി ലാണ്. അക്കാര്യത്തിൽ ഞാൻ അതീവ ശ്രദ്ധചെലുത്തുന്നതാണ്.

(2) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം നവീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ് : സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. ഇന്ന് കേരളത്തിലെ ചെറുപ്പക്കാർ വളരെയേറെ ആശങ്ക യോടുകൂടിയാണ് പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ നോക്കിക്കാണുന്നത്. പി.എസ്.സിയിൽ അപേക്ഷ അയയ്ക്കുന്ന ഓരോ ഉദ്യോഗാർത്ഥിക്കും നിരവധി കാലഘട്ടങ്ങൾക്കു ശേഷമാണ് യഥാർത്ഥത്തിൽ അതിന്റെ പ്രയോജ നത്തിലേക്ക് വരുന്നതെന്നുള്ള നിർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് കുറെയേറെ നടപടികൾ സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. മേഖലാ ഓഫീസുകൾ തുറന്നിട്ടുള്ളതും എല്ലാ ജില്ലകളിലും പി.എസ്.സി. ഓഫീസുകൾ കൊണ്ടുവരുന്നതിനുമൊക്കെയുള്ള ശ്രമങ്ങൾ ഉൾപ്പെടെ ഈ രംഗത്ത് കുറേയൊക്കെ ആശാവഹമായ പ്രവർത്തനം കാണുവാൻ കഴിഞ്ഞിട്ടു ണ്ട്. എങ്കിൽപ്പോലും ഇന്നും രൂക്ഷമായ പ്രതിസന്ധി തുടരുകയാണ്. നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി. യിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന്റെ കണക്കുപരിശോധിക്കുമ്പോൾ ഇതിന്റെ ഗുരുതരാവസ്ഥ നമുക്ക് മനസ്സിലാ ക്കാൻ കഴിയും. ഇപ്പോൾ ഏകദേശം 80 ലക്ഷത്തോളം അപേക്ഷകൾ അന്തിമ തീർപ്പുകാത്ത് വിവിധ ഘട്ടങ്ങളിലായി പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്നതാ യിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഇതുകൂടാതെ പോലീസ് സേനയി ലേയ്ക്ക് വന്നിട്ടുള്ള 10,000-ത്തോളം ഒഴിവുകളിലേയ്ക്കുകൂടി ഇപ്പോൾ പുതു താ‍യി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതുകൂടാതെ ജില്ലാ സഹ കരണ ബാങ്കുകളിലെ നിയമനങ്ങളും അതോടൊപ്പം തന്നെ അപ്പെക്സ് സംഘങ്ങളിലെ നിയമനങ്ങളും ഉണ്ടാകാൻ പോകുകയാണ്. ഏകദേശം 15 ലക്ഷത്തോളം അപേക്ഷകൾ അക്കാര്യത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കു ന്നതെന്ന് വിവിധ മാധ്യമങ്ങളിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോഴുള്ള ഏകദേശം 80 ലക്ഷത്തോളം അപേക്ഷകൾ, വരാൻ സാധ്യതയുള്ള 20 ലക്ഷ ത്തോളം അപേക്ഷകൾ ഇതെല്ലാം കൂടി കണക്കാക്കുമ്പോൾ ഏതാണ്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

കോടിയോളം അപേക്ഷകൾ പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന ഒരു സാഹചര്യം കേരളത്തിൽ വരികയാണ്. ഫലപ്രദമായ നടപടിയിലൂടെ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുക എന്നുള്ളതാണ് ഇവിടെ പ്രധാനപ്പെട്ട ആവശ്യം. ഇന്ന് പി.എസ്.സി. പരീക്ഷ നടത്തുന്ന കാര്യത്തിലും അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്ന കാര്യത്തിലും വരുന്ന കാലതാമസം വളരെ ഗുരുതരമായി നിലനിൽക്കുകയാണ്. അപേക്ഷ അയച്ചാൽ വർഷങ്ങൾക്കുശേഷമാണ് പരീക്ഷ നടത്തുന്നത് എന്നുള്ളത് പി.എസ്.സി.യുടെ സ്ഥിരം പതിവാണ്. കാലോചിതമായി പരീക്ഷ നടത്തുന്നതിനുള്ള സാഹചര്യമുണ്ടാകണം. കാലതാമസം ഒഴിവാക്കിക്കൊണ്ട് പരീക്ഷ നടത്തിപ്പ് സമയബന്ധിതമായി നടത്തുവാൻ കഴിഞ്ഞാൽ, ആദ്യം മുതൽതന്നെ കൃത്യമായി കാര്യങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞാൽ മാത്രമേ ഇത് ഫലപ്രദമാക്കിമാറ്റാൻ കഴിയുകയുള്ളൂ. പി.എസ്.സി. പരീക്ഷയ്ക്കുവേണ്ടിയുള്ള സിലബസിന്റെ കാര്യത്തിലും മാറ്റം വരുത്തേണ്ടതാണ്. പരീക്ഷയ്ക്കുള്ള സിലബസ് ഹാൾടിക്കറ്റിനോടൊപ്പം പരീക്ഷയ്ക്ക് തൊട്ടുമുമ്പുമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. പരീക്ഷാ തീയതിക്ക് മൂന്നുമാസം മുമ്പെങ്കിലും സിലബസ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞാൽ ഉദ്യോഗാർത്ഥികൾക്ക് ഇത് ഏറ്റവും കൂടുതൽ സഹായകരമാകും. അതുകൊണ്ട് ഇന്ന് നിലവിലുള്ള ഹാൾടിക്കറ്റിനോടൊപ്പം പരീക്ഷാ സിലബസ് കൊടുക്കുന്ന ക്രമീകരണത്തിൽ ഒരു മാറ്റം വരുത്തുവാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും ഇന്ന് പി.എസ്.സി.യിൽ പരാതികളുണ്ടാവുകയാണ്. പി.എസ്.സി. പരീക്ഷയെക്കുറിച്ച് വളരെയേറെ വിശ്വാസ്യതയാണ് കേരളത്തിലെ മുഴുവൻ ആളുകൾക്കുമുള്ളത്. ആ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടാനുള്ള സാഹചര്യങ്ങൾ ഒറ്റപ്പെട്ടതായിട്ടാണെങ്കിലും സംഭവിക്കാറുണ്ട്. കുറ്റമറ്റരീതിയിൽ പി.എസ്.സി.യുടെ പരീക്ഷകൾ നടത്തുവാനും വിശ്വാസ്യത നിലനിർത്തുവാനുമുള്ള സാഹചര്യങ്ങളുണ്ടാകണം. പരീക്ഷ കഴിഞ്ഞാൽ വർഷങ്ങൾക്കുശേഷമാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ഈ കാലതാമസവും ഒഴിവാക്കപ്പെടേണ്ടതാണ്. എത്രയോ പ്രതീക്ഷയോടുകൂടിയാണ് റാങ്ക് ലിസ്റ്റിനുവേണ്ടി ഉദ്യോഗാർത്ഥികൾ കാത്തിരിക്കുന്നത്, ആ റാങ്ക് ലിസ്റ്റ് വന്നതിനുശേഷം നിയമനം നടത്തുന്ന കാര്യത്തിൽ വളരെയേറെ കാലതാമസം വരുത്തുകയാണ്. ഈ ഗുരുതരമായ കാലതാമസം പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുക്കേണ്ട ആവശ്യം വന്നിരിക്കുകയാണ്. വിവിധ വകുപ്പുകൾ വേക്കൻസി റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ വരുത്തുന്ന കാലതാമസം പലപ്രാവശ്യം നിയമസഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. മുഖ്യമന്ത്രിയും ഗവൺമെന്റുമൊക്കെ ഇടപെട്ട് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. അതിനനുസൃതമായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. റാങ്ക് ലിസ്റ്റിൽ നിന്നും നമ്മുടെ സംസ്ഥാനത്ത് ഒഴിവുവന്നിട്ടുള്ള മുഴുവൻ തസ്തികകളിലേയ്ക്കും പരമാവധി നിയമനം കൊടുക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാവുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഉദാഹരണത്തിന് കോട്ടയം ജില്ലാ കളക്ടറേറ്റിൽ ക്ലറിക്കൽ പോസ്റ്റിൽ ഏതാണ്ട് നൂറോളം ഒഴിവുകളുള്ളതായി മനസ്സിലാക്കുന്നു. നമുക്ക് നിലവിൽ റാങ്ക് ലിസ്റ്റുണ്ട്. പക്ഷെ നിയമനം നടക്കുന്നില്ല. അതുപോലെതന്നെ വിവിധ റാങ്ക് ലിസ്റ്റുകൾ കാലാവധി കഴിഞ്ഞുപോകുന്നതിനെക്കുറിച്ച് ആശങ്കയോടു കൂടിയാണ് ഉദ്യോഗാർത്ഥികൾ കാണുന്നത്. ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തുവാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യുന്ന നിലയിൽ കർശനമായ നിലപാടു സ്വീകരിച്ചുകൊണ്ട് പരമാവധി ഉദ്യോഗാർത്ഥികളെ സഹായിക്കാൻ കഴിയുന്ന നിലയിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ സാഹചര്യമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. വേക്കൻസി റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ അനാസ്ഥകാണിക്കുന്ന വകുപ്പുകൾ എത്രയോ വലിയ അനീതിയാണ് യുവതീയുവാക്കന്മാരോട്, ഉദ്യോഗാർത്ഥികളോട് കാണിക്കുന്നത് എന്ന് വിലയിരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ അനാസ്ഥകാണിക്കുന്ന വകുപ്പുകളേതൊക്കെയെന്ന് പരിശോധിച്ച് അവരെക്കൊണ്ട് കർശനമായി ഇക്കാര്യത്തിൽ റിപ്പോർട്ട് ചെയ്യാനും കർശനമായി നിയമനം നടത്തിക്കുവാനും കഴിയുന്ന നിലയിൽ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴെല്ലാം പി.എസ്.സി.യിൽ നിന്നും പറയുന്നത് അവരുടെ കുറെയേറെ പരാധീനതകളാണ്. ആവശ്യത്തിന് സ്റ്റാഫില്ലെന്ന പ്രശ്നം പി.എസ്.സി. ചൂണ്ടിക്കാണിക്കുകയാണ്. സ്റ്റാഫിന്റെ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുള്ളതുമാണ്. ഇന്നും അവർക്ക് സ്റ്റാഫിന്റെ കുറവുണ്ടെന്നാണ് അവർ പറയുന്നത്. ഗവൺമെന്റ് ഇത് പരിശോധിച്ച് കുറവുള്ള തസ്തികകളിൽ ആവശ്യത്തിന് സ്റ്റാഫിനെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്. ഇപ്പോൾ ഇൻഫർമേഷൻ ടെക്നോളജിയുടെ കാലഘട്ടമാണ്. ആ സാധ്യതകളെക്കൂടി പരിഗണിച്ചുകൊണ്ട് പി.എസ്.സി.യിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനുള്ള മുഖ്യ പരിഗണന ഗവൺമെന്റ് കൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പി.എസ്.സി.യിലെ യൂണിയനുകളുമായി ചർച്ച ചെയ്ത് ഒരു ധാരണയുണ്ടാക്കിക്കൊണ്ട് പരമാവധി കമ്പ്യൂട്ടർവൽക്കരണത്തിനുള്ള സാഹചര്യങ്ങൾ നടപ്പാക്കുന്നത് തീർച്ചയായും ഒരുകോടിയോളം അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. കമ്പ്യൂട്ടർ പരിശോധനയ്ക്കുതകുന്ന വിധത്തിൽ പി.എസ്.സി.യുടെ അപേക്ഷാ ഫോറങ്ങൾ പരിഷ്ക്കരിക്കുന്നതും നല്ലതാണ്. ആ നിലയിൽ പി.എസ്.സി. അപേക്ഷാ ഫോറങ്ങൾ കൊണ്ടുവന്നാൽ മുഴുവൻ നടപടിക്രമങ്ങൾക്കും കമ്പ്യൂട്ടർ നമുക്ക് സഹായകരമായി മാറ്റാൻ കഴിയും. ഇത്തരത്തിൽ പി.എസ്.സി.യെ ആധുനികവൽക്കരിച്ചുകൊണ്ട് കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് പ്രതീക്ഷയായി എന്നും നിലനിന്നിട്ടുള്ള പി.എസ്.സി.യെ അതിനനുസൃതമായി ഉയർന്നു പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പാക്കുവാൻ സംസ്ഥാനഗവൺമെന്റ് ഇടപെടുകയും അപാകതകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസവും ഉണ്ടാകുന്നുണ്ട്. റിക്രൂട്ടിംഗ് നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് പി.എസ്.സി.ക്ക് മൂന്നു മേഖലാ ഓഫീസുകൾ ഏർപ്പെടുത്തി പരീക്ഷാ ജോലികൾ വിഭജിച്ചു നൽകിയിട്ടുണ്ട്. സ്റ്റാഫിന്റെ ആവശ്യകത കണക്കിലെടുത്ത് കൂടുതൽ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഒപ്റ്റിക്കൽ മാർക്ക് റീഡർ സംവിധാനം ഏർപ്പെടുത്തുകയും ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന ജോലി ചെയ്തു തീർക്കുന്നതിന് ഒരു 'അരിയർ ക്ലിയറൻസ് സെൽ' രൂപീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനു വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പരീക്ഷകളുടെ വിശ്വാസ്യത നിലനിർത്താനുള്ള നടപടികളും കമ്മിഷൻ സ്വീകരിച്ചിട്ടുണ്ട്. പരീക്ഷകളുടെ വിശ്വാസ്യതയ്ക്കു കോട്ടം തട്ടിയതായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്നു കണ്ടാൽ പരീക്ഷ തന്നെ റദ്ദാക്കുന്ന നടപടിയും കമ്മീഷൻ സ്വീകരിക്കാറുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനായി പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ബന്ധപ്പെട്ട വിഷയങ്ങളിലെ പ്രഗത്ഭന്മാരാണ്. ഒരു പരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികളെക്കൊണ്ട് ചോദ്യങ്ങൾ തയ്യാറാക്കും. അവ ലഭിച്ചു കഴിഞ്ഞാൽ അതിൽ നിന്നും തുറന്നു നോക്കാതെ തന്നെ ഒരെണ്ണം നറുക്കെടുത്ത് സീൽ ചെയ്ത് പ്രിന്റിംഗിന് അയയ്ക്കുകയും ചെയ്യും. അവിടെനിന്നും സീൽ ചെയ്ത് കവറുകളിൽ ലഭിക്കുന്ന ചോദ്യപേപ്പർ പിന്നീട് പരീക്ഷാഹാളിൽ ഉദ്യോഗാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ മാത്രമാണ് തുറക്കുന്നത്. അങ്ങനെ ചോദ്യം തയ്യാറാക്കുന്നതിലെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നു. സർക്കാർ ഓഫീസുകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ അധികാരികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികളെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കമ്പ്യൂട്ടർവൽക്കരണം ആലോചനയിലാണ്. അതു നടപ്പിലാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. കൊല്ലങ്ങളായിട്ട് ഞാൻ കേൾക്കുന്ന ഒരു കാര്യമാണ് പി.എസ്.സി.യിൽ ക്ലാർക്കില്ല എന്നുള്ളത്. ക്ലാർക്ക് മാത്രം മതിയോ? അപ്പോൾ പൂർത്തിയാകുമോ? പോരാ. കമ്പ്യൂട്ടർവൽക്കരണവും കൂടി വന്നാൽ കുറെക്കൂടി വേഗത്തിൽ തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കമ്പ്യൂട്ടർവൽക്കരണം നടപ്പിൽ വരുത്തണം. എങ്കിൽ മാത്രമേ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ കുറെയെങ്കിലും തീർക്കാൻ സാധിക്കൂ. പ്രത്യേകിച്ചും സംവരണം കൂടി വയ്ക്കുമ്പോൾ കുറെക്കൂടി താമസിക്കും. ഏതായാലും മെമ്പർ പറഞ്ഞത് പരിഗണനയിലെടുത്ത് നടപ്പിലാക്കാം.

<u>ശ്രീ. മോൻസ് ജോസഫ്</u> : ക്ലാർക്കുമാരുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി. അതുപോലെ ആദ്യം തന്നെ പി.എസ്.സി.യിൽ പഞ്ചിംഗ് സിസ്റ്റം കർശനമായി നടപ്പിലാക്കണം.

<u>ശ്രീ. ഇ.കെ. നായനാർ</u> : ക്രമേണ പി.എസ്.സി.യിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കും.

IV. സബ്മിഷൻ

(1) തെന്മല ഡാം സൈറ്റിലെ കോളനികളിൽ നടന്ന ആക്രമണം

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഫെബ്രുവരി മാസം 16-ാം തീയതി വെളിപ്പിന് കൊല്ലം ജില്ലയിലെ തെന്മല ഡാം സൈറ്റിയുള്ള രണ്ടു കോളനികളിൽ കോളനിക്കു വെളിയിൽ നിന്ന് വന്ന ആർ.എസ്.എസ്. കാരെന്ന് പറയപ്പെടുന്ന ഒരു സംഘം സാമൂഹ്യ വിരുദ്ധർ വളരെ ഭീകരമായ അക്രമം നടത്തി. ഏതാണ്ട് മുപ്പതിലധികം വീടുകൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു. ധാരാളം വീടുകൾ ഭാഗികമായി നശിപ്പിച്ചു. വാൾ, വടിവാൾ, സൈക്കിൾ ചെയിൻ, കമ്പി തുടങ്ങിയ വിവിധ മാരകായുധങ്ങളുമായിട്ടാണ് ഈ സംഘം കോളനികളിൽ എത്തി ആക്രമണം നടത്തിയത്. പത്തിലധികം ആളുകൾ പരിക്കേറ്റ് വിവിധ ആശുപത്രികളിലായി ചികിത്സയിലാണ്. ഒരു കാലത്ത് ഡാമിന്റെ പണിക്കു

LIBRARY ARCHIVES Kerala Legislative Assembly